പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1898 **26-10-2026-ൽ മറുപടിയ്ക്ക്**

പങ്കാളിത്ത പെൻഷൻ പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. വി. സുമേഷ് ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്ന ജീവനക്കാർക്ക് വിരമിച്ചശേഷം ഉറപ്പുള്ള പെൻഷൻ ആനുകൂല്യം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: പങ്കാളിത്ത പെൻഷൻകാരുടെ പെൻഷൻ ആനുകൂല്യങ്ങൾ സംബന്ധിച്ച കാര്യങ്ങൾ 2599591/പെൻ-എ4/32/2023/ധന നമ്പർ ഫയലിൽ പരിശോധനയിലാണ്

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച് സർക്കാർ നിയോഗിച്ച സമിതിയുടെ റിപ്പോർട്ടിലെ ശിപാർശകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

മറുപടി: 1. സാമ്പത്തിക ഘടകം ദീർഘകാലാടിസ്ഥാനത്തിൽ വീക്ഷിക്കുകയാണെങ്കിൽ, പങ്കാളിത്ത പെൻഷൻ പദ്ധതി തുടരുന്നപക്ഷം റവന്യൂ വരുമാനത്തിൽ നിന്ന് പെൻഷൻ ഇനത്തിലുള്ള ചെലവ് വിഹിതത്തിൽ 2040 -ഓട് കൂടി കുറവ് ഉണ്ടാകും. ഇപ്രകാരം കുറവ് വരുന്ന വിഹിതം ആരോഗ്യ, വിദ്യാഭ്യാസ, മറ്റ് സാമൂഹ്യസേവന മേഖലകളിൽ വിനിയോഗിക്കാൻ സാധിക്കും. എന്നാൽ പദ്ധതി പിൻവലിക്കുന്നതിന് നിയമപരമായി യാതൊരു തടസ്സവുമില്ല.

2. കേന്ദ്ര സർക്കാരും ഇതര സംസ്ഥാന സർക്കാരുകളും പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരുടെ പെൻഷൻ അക്കൗണ്ടിലേയ്ക്കുള്ള പ്രതിമാസ സർക്കാർ വിഹിതം 01.04.2019 മുതൽ നിലവിലുണ്ടായിരുന്ന 10%-ൽ നിന്നും 14% ആയി ഉയർത്തിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ സംസ്ഥാനത്തും അപ്രകാരം സർക്കാർ വിഹിതം ഉയർത്താമെന്നാണ് സമിതി ശിപാർശ ചെയ്തിരിക്കുന്നത്.

3. സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന ജീവനക്കാർക്ക് ഡി.സി.ആർ.ജി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തിരിക്കുന്നു.

4. 10 വർഷത്തിൽ താഴെ സർവ്വീസ് ഉള്ള പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് വിരമിക്കുന്ന ജീവനക്കാരന് പങ്കാളിത്ത പെൻഷൻ പദ്ധതിയ്ക്ക് പകരം നിലവിൽ കെ.എസ്.ആർ ഭാഗം III പെൻഷൻ ബാധകമായിരിക്കുന്ന ജീവനക്കാർക്ക് ലഭിക്കുന്ന അതേ തരത്തിൽ എക്സ്ഗ്രേഷ്യ പെൻഷൻ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തിരിക്കുന്നു.

5. 01.04.2013 ന് മുൻപായി നിയമന നടപടികൾ (എഴുത്തു പരീക്ഷ, അഭിമുഖം, ഫലപ്രഖ്യാപനം)പൂർത്തിയാക്കിയിട്ടുള്ളതും എന്നാൽ ഭരണപരമായ കാരണങ്ങളാൽ 01.04.2013 -ന്

ശേഷം നിയമനം ലഭിക്കുകയും ചെയ്ത ജീവനക്കാർക്ക് കെ.എസ്.ആർ ഭാഗം III പെൻഷൻ പദ്ധതിയിൽ തുടരുന്നതിനായി ഓപ്ഷൻ സൗകര്യം അനുവദിക്കാവുന്നതാണെന്നാണ് സമിതി നിർദ്ദേശിച്ചിരിക്കുന്നത്.

(സി) ജീവനക്കാരുടെ താൽപ്പര്യം പരിഗണിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുനഃസ്ഥാപിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ;

<u>മറുപടി:</u> സംസ്ഥാനത്ത് പുതിയ സർക്കാർ നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ, പുതുക്കിയ ബജറ്റ് പ്രസംഗം 2026-2027 ഖണ്ഡിക 300 പ്രകാരം, "**മുൻ സർക്കാർ പ്രഖ്യാപിച്ച അഷ്വേർഡ് പെൻഷൻ പദ്ധതിയിൽ അവ്യക്തത നിലനിൽക്കുന്നു. ആയതിനാൽ ഇതു സംബന്ധിച്ച് വിലയിരുത്തൽ നടത്തിയതിനു ശേഷം നിലവിലുള്ള എൻ.പി.എസ് പെൻഷൻ സംവിധാനം പരിഷ്കരിക്കുന്നതിനുള്ള നടപടി കൈക്കൊള്ളും**" എന്ന് പരാമർശിച്ചിട്ടുണ്ട്.

(ഡി) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് വിരമിച്ച ജീവനക്കാരിൽ സാമൂഹ്യസുരക്ഷാ പെൻഷൻ തുകയിലും കുറവ് പെൻഷൻ ലഭിക്കുന്ന എത്ര പേർ ഉണ്ടെന്ന് അറിയിക്കാമോ?

<u>മറുപടി:</u> 2599591/പെൻ-എ4/32/2023-ധന നമ്പർ ഫയലിൽ പരിശോധനയിലാണ്.

സെക്ഷൻ ഓഫീസർ